# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3365** **11-03-2025 - ൽ മറുപടിയ്ക്ക്**

### വട്ടതല ജനകീയ റോഡിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ കണയന്നൂർ താലൂക്ക് ചേരാനെല്ലൂർ വില്ലേജ് വട്ടതല ജനകീയ റോഡിൽ താമസിക്കുന്ന പതിനൊന്ന് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായെന്ന് അറിയിക്കാമോ; വിശാദാംശം നൽകുമോ? | (എ) | കണയന്നൂർ താലൂക്കിലെ ചേരാനല്ലൂർ വില്ലേജിൽ സർവ്വെ നം. 860, 985 എന്നിവയിൽപ്പെട്ട 2.0140 ഹെക്ടർ "പുഴപുറമ്പോക്ക്" ഇനത്തിൽപ്പെട്ട "വട്ടതല ജനകീയ റോഡ്" പ്രദേശത്ത് താമസിച്ചുവന്നിരുന്ന 179 കുടുംബങ്ങളിൽ അർഹരായവർക്ക് പട്ടയം അനുവദിച്ച് 26.03.2018-ലെ സ.ഉ.(കൈ) നം.124/2018/RD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതിൽ 169 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.<br><br>ശേഷിക്കുന്ന 10 പേരിൽ 3 പേർ അന്യസംസ്ഥാനക്കാരായതിനാൽ (തമിഴ്നാട്, ആന്ധ്രാപ്രദേശ്) പട്ടയം അനുവദിച്ചിരുന്നില്ല.<br><br>ഒരു വ്യക്തി കൊച്ചിൻ കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ ആയി സേവനമനുഷ്ഠിച്ചു വന്നിരുന്നതും 30.06.2024-ാം തീയതി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. വരുമാന പരിധി കൂടുതലായതിനാൽ ടിയാനും പട്ടയം നൽകിയിരുന്നില്ല. ശേഷിക്കുന്ന 6 പേർ പട്ടയത്തിന് അപേക്ഷ സമർപ്പിക്കപ്പെട്ട 2009 കാലഘട്ടത്തിൽ പട്ടയം ലഭിക്കില്ലെന്ന ധാരണയിൽ സ്ഥലം വിറ്റുപോയ മുൻ കൈവശക്കാരിൽ നിന്നും വിലയ്ക്കു വാങ്ങിയവരാണ്. 2009 കാലയളവിലാണ് പതിവപേക്ഷയിന്മേൽ നടപടി സ്വീകരിച്ചതെന്നതിനാൽ കൈവശകാലയളവ് കുറവായ കാരണത്താൽ ടിയാൾക്കാരെയും പരിഗണിച്ചിരുന്നില്ല.<br><br>ഇവരെക്കൂടാതെ സർവ്വെ 860-ൽ "പുഴപുറമ്പോക്ക്"-ൽ ഷെഡ് വച്ച് താമസിച്ചു വരുന്ന ശ്രീ.രാഹുൽ & മൃദുല എന്നിവരെയും പട്ടയത്തിന് പരിഗണിക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മേൽ പരാമർശിച്ച 11 പേർക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിക്കുകയും ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും അധിക വിവരം ആരാഞ്ഞിട്ടുള്ളതുമാണ്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ